## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 481

12.06.2012 ൽ മറുപടിയ്ക്ക്

### സഹകരണ രംഗത്തെ നിയമഭേദഗതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭരണഘടന ഭേദഗതികൾ പ്രകാരം സംസ്ഥാന & സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തേണ്ടത് എന്ന് പഠനം നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;<br><br>(ബി) എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ? | (എ) (ബി) 97- ാം ഭരണ ഘടനാ ഭേദഗതി നിയമപ്രകാരം സംസ്ഥാന സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച പഠനം നടത്തി വരുന്നു. ഭരണ ഘടനാ ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന സഹകരണ നിയമത്തിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ ആവശ്യമായിട്ടുള്ളതായി പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്.<br>(i) സംഘങ്ങളുടെ ഭരണ സമിതിയിലെ പരമാവധി അംഗങ്ങളുടെ എണ്ണം 21 ആയും, വനിതാ അംഗങ്ങളുടെ എണ്ണം 2 ആയും നിജപ്പെടുത്തുക.<br>(ii) ഭരണ സമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് നടന്ന തീയതി മുതൽ 5 വർഷമാക്കുക.<br>(iii) ഭരണ സമിതിയിൽ ഇടക്കാല ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, നിലവിലുള്ള ഭരണ സമിതിയുടെ ശേഷിക്കുന്ന കാലാവധി, തെരഞ്ഞെടുക്കപ്പെട്ട കാലാവധിയുടെ പകുതിയിൽ കുറവാണെങ്കിൽ ഭരണ സമിതിയിലേയ്ക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുക.<br>(iv) സഹകരണ സംഘത്തിന്റെ ലക്ഷ്യം, പ്രവർത്തനം എന്നിവയുടെ അടിസ്ഥാനത്തിൽ സംഘം ഭരണ സമിതിയിലേയ്ക്ക് ബാങ്കിംഗ്, മാനേജ്മെന്റ്, ധനകാര്യം, മറ്റ് മേഖലകൾ എന്നിവയിൽ പരിചയം ഉള്ള 2 ൽ അധികരിക്കാത്ത |

ആളുകളെ ഭരണ സമിതിയിലേക്ക് കോ-ഓപ്റ്റ് ചെയ്യുന്നതിനും ഇപ്രകാരമുള്ളവർക്ക് ഭാരവാഹികളായി
തെരഞ്ഞെടുക്കുന്നതിനോ സംഘത്തിലെ ഏതെങ്കിലും തെരഞ്ഞടുപ്പിൽ വോട്ടു ചെയ്യുന്നതിനോ അധികാരമില്ലായെന്നും വ്യവസ്ഥ ചെയ്യുക.

(v) എല്ലാവിധ സംഘങ്ങളുടേയും തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഒരു പ്രത്യേക ബോഡി/അതോറിറ്റി രൂപീകരിക്കുക.

(vi) ഒരു സംഘം ഭരണ സമിതിയുടെ സൂപ്പർസെഷൻ 6 മാസത്തിൽ അധികരിക്കാൻ പാടില്ല. സർക്കാർ ഓഹരി, വായ്പ, ധനസഹായം, ഗ്യാരന്റി എന്നിവ ഇല്ലെങ്കിൽ ഭരണ സമിതിയെ പിരിച്ചുവിടാൻ കഴിയില്ല. ബാങ്കിംഗ് ബിസിനസ് ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയെ പിരിച്ചുവിടുന്ന കാര്യത്തിൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾകൂടി ബാധകമാക്കണമെന്നും അഡ്മിനിസ്ട്രേറ്റർ 6 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്ക് ചാർജ്ജ് കൈമാറുക.

(vii) ആഡിറ്ററുടെ/ആഡിറ്റിംഗ് സ്ഥാപനങ്ങളുടെ മിനിമം യോഗ്യത നിശ്ചയിക്കുന്നതിനും, ആഡിറ്ററെ പൊതുയോഗം നിയമിക്കുന്നതിനും അപ്രകാരമുള്ള ആഡിറ്ററെ/ആഡിറ്റിംഗ് സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ/ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള അധികാരികൾ അംഗീകരിച്ചിട്ടുള്ള പാനലിൽ നിന്നും തെരഞ്ഞെടുക്കപ്പെടുക.

(viii) സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം ആഡിറ്റ് ചെയ്തിരിക്കണം.

(ix) അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് , സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കുക.

(x) സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ബുക്കുകൾ, വിവരങ്ങൾ, സംഘത്തിന്റെ

അക്കൗണ്ടുകൾ എന്നിവ സംഘത്തിന്റെ അംഗങ്ങൾക്ക് പ്രാപ്യമാക്കുക.

(xi) സംഘത്തിന്റെ ഭരണത്തിൽ അംഗങ്ങൾക്കുള്ള പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന്, മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സേവനം ഉപയോഗിക്കുന്നതിനുള്ള മിനിമം യോഗ്യത സംബന്ധിച്ച വ്യവസ്ഥ.

(xii) സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം സംഘത്തിന്റെ വാർഷിക റിപ്പോർട്ട്, ആഡിറ്റ് ചെയ്ത കണക്കുകൾ, പൊതുയോഗം അംഗീകരിച്ച ലാഭവിഭജനം സംബന്ധിച്ച പദ്ധതി, സംഘം ബൈലോയിൽ വരുത്തിയ ഭേദഗതികൾ, പൊതുയോഗം ചേർന്നതിനെ സംബന്ധിച്ചും തെരഞ്ഞെടുപ്പ് നടത്തിയതിനെ സംബന്ധിച്ചുമുള്ള സാക്ഷ്യപത്രം, രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ എന്നിവ സംസ്ഥാന ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള കമ്മിറ്റി മുമ്പാകെ സമർപ്പിക്കുക.

(xiii) സംഘവുമായി ബന്ധപ്പെട്ട കുറ്റങ്ങളും പിഴകളും സംബന്ധിച്ച വ്യവസ്ഥകളിൽ, സംഘത്തിന്റെ ബുക്കുകൾ, കണക്കുകൾ, രേഖകൾ, ക്യാഷ് സെക്യൂരിറ്റികൾ, മറ്റ് വസ്തുവകകൾ എന്നിവ കൈവശമുള്ള ഉടമസ്ഥനോ, ഓഫീസറോ, ആയവ ഒരു അധികാരപ്പെടുത്തിയ ആളിന് കൈമാറുന്നതിലുള്ള മന:പൂർവ്വമായ വീഴ്ച, ബോർഡ് അംഗങ്ങളോ ഓഫീസ് ചുമതലക്കാരെ തെരഞ്ഞെടുപ്പിന് മുമ്പോ തെരഞ്ഞെടുപ്പ് സമയത്തോ ശേഷമോ അഴിമതി നടത്തുന്നത് എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

സെക്ഷൻ ഓഫീസർ